നം.കെ.എസ്.എ-കെ.ടി.എം.പി15/12/2019 തീയതി : 31.01.2019

# കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.17 മുതൽ 31.3.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 4.01.2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2018- 05.01.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോളി ഫ്രാൻസിസ് (വൈസ് പ്രസിഡന്റ് ഇൻ ചാർജ്) | 01.04.2017-07.12.2017 |
| | ശ്രീമതി അന്നമ്മ ജോസഫ് | 08.12.2017-05.01.2018 |
| | ശ്രീമതി ആശ ജോയി | 06.01.2018-31.03.2018 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.ജോളി ഫ്രാൻസിസ് | 01.04.2017-31.03.2018 |

| | | |
|---|---|---|
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | അഡ്വ.പി.എ.മുഹമ്മദ് ഷെമീർ | 01.04.2017-31.03.2018 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി റോസമ്മ ആഗസ്തി | 01.04.2017-31.03.2018 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ലീലാമ്മ കുഞ്ഞുമോൻ | 01.04.2017-31.03.2018 |
| സെക്രട്ടറി | ശ്രീ.കെ.എസ്.ബാബു | 01.04.2017-30.09.2017 |
| | ശ്രീ.ശശീന്ദ്രൻ കെ.എൻ. | 1.10.2017- 27.12.2017 |
| | ശ്രീ.കെ.അജിത് | 28.12.2017-31.03.2018 |

<u>നിർവഹണോദ്യോഗസ്ഥർ</u>

| | | |
|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | ഡോ.തോമസ് എബ്രഹാം | 01.04.2017-31.03.2018 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി മിനി നായർ | 01.04.2017-29.05.2017 |
| | ശ്രീ.സജിമോൻ കെ. വർഗ്ഗീസ് | 30.05.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മുണ്ടക്കയം | ഡോ.ദിനേശ് എം. | 01.04.2017-10.02.2018 |
| | ഡോ.തസ്നി ഭാനു റ്റി.പി. | 11.02.2018-31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, എരുമേലി | ഡോ.സീന ഇസ്മായിൽ | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., കൂട്ടിക്കൽ | ഡോ.പ്രസൂൺ മാത്യു എം. | 01.04.2017-31.03.2018 |
| സി. ഡി. പി. ഒ., മുണ്ടക്കയം | ശ്രീമതി കെ.ജി.ഷൈല | 01.04.2017-31.03.2018 |
| സി. ഡി. പി. ഒ., കാഞ്ഞിരപ്പള്ളി | ശ്രീമതി ബീനാമ്മ ജേക്കബ് | 01.04.2017-31.03.2018 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.അശോകൻ റ്റി.എം. | 01.04.2017-31.03.2018 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.പത്മകുമാർ | 01.04.2017-31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സുശീല എൻ.ബി. | 01.04.2017-03.05.2017 |
| | ശ്രീമതി പി.എസ്.ഉദയകല | 01.06.2017-26.06.2017 |
| | ശ്രീ.എൻ.ജെ.ജോസഫ് | 27.06.2017-31.03.2018 |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1-1 | ബജറ്റ് | |

| | | |
|---|---|---|
| 1-2 | വാർഷിക ധനകാര്യപത്രിക | |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 1-4 | സാമ്പത്തിക വിശകലനം | |
| 1-5 | ഫണ്ട് വിനിയോഗം | |
| 1-6 | പദ്ധതി അവലോകനം | |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |
| 1-8 | ക്യാഷ് വെരിഫിക്കേഷൻ | |
| 1-9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 1-11 | വാർഷിക കണക്കുകളുടെ അവലോകനം | |
| | ഭാഗം **2** വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാടക-സെക്യൂരിറ്റി ഡെപ്പോസിറ്റ്-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | |
| 2-2 | ഐ.എ.വൈ. അക്കൗണ്ടിൽ 2.75 കോടി വികസനഫണ്ട് അവശേഷിക്കുന്നു | |
| 2-3 | സംയുക്ത പ്രോജക്ടുകൾ–നീക്കിയിരിപ്പ് തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കണം | |
| 2-4 | ഇ-ടെൻഡർ ഫീ - ബ്ലോക്ക് പഞ്ചായത്തിൽ വരവില്ല | |
| | ഭാഗം **3** ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഒറിജിനൽ രസീത് ഹാജരാക്കാതെ സെക്യൂരിറ്റി നിക്ഷേപം തിരികെ നൽകി | |
| 3-2 | ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഫർണിഷിംഗ്- നിർവ്വഹണത്തിലെ അപാകതകൾ | |
| 3-3 | ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഇലക്ട്രിഫിക്കേഷൻ– ടാക്സ് പ്രൊവിഷൻ അനർഹമായി നൽകി | |
| 3-4 | മണ്ണ് എടുത്തുമാറ്റൽ കരാറുകാരന് അധിക തുക നൽകി | |

| | | |
|---|---|---|
| 3-5 | ഓവർഹെഡ്ചാർജ് അധികനിരക്ക് നൽകി, കാലി ബാരൽ വില ഈടാക്കിയില്ല | |
| 3-6 | കാലിബാരൽ തിരികെ നൽകുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല | |
| 3-7 | പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചില്ല | |
| 3-8 | ആനക്കല്ല് ലക്ഷംവീട് കോളനി വനിതാ തൊഴിൽ പരിശീലനകേന്ദ്രം | |
| 3-9 | അലുമിനിയം ഫ്രയിം നിർമ്മാണം നൽകിയത് അധികനിരക്ക് | |
| 3-10 | പാറത്തോട് ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം നിർമ്മാണം - അപാകതകൾ | |
| 3-11 | കരാർ ചമയ്ക്കാൻ താമസിച്ചു - പിഴ ഈടാക്കിയിട്ടില്ല | |
| 3-12 | ഡെപ്പോസിറ്റ്/സംയോജിത പ്രവർത്തികളിൽ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്തത് | |
| 3-13 | ഐ.എ.വൈ. ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | |
| | ഭാഗം **4** പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് | |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 4-6 | ഓഡിറ്റ് റിക്കവറി | |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ | |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2017-18 | |

| | | |
|---|---|---|
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 | |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർഥ വരവുചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 0 | 4,78,96,232 | 4,78,96,232 | |
| വരവ് | 25,00,00,000 | 7,26,00,911 | | 17,73,99,089 |
| ആകെ | 25,00,00,000 | 12,04,97,143 | | 12,95,02,857 |
| ചെലവ് | 24,97,50,000 | 8,16,76,228 | | 16,80,73,772 |
| നീക്കിയിരിപ്പ് | 2,50,000 | 3,88,20,915 | 3,85,70,915 | |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 28.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04.01.2019 | ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,78,96,232 |
| വരവ് | 7,26,00,911 |
| ആകെ | 12,04,97,143 |
| ചെലവ് | 8,16,76,228 |
| നീക്കിയിരിപ്പ് | 3,88,20,915 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,56,83,101 | 4,56,83,101 | 3,59,27,357 | 97,55,744 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,95,61,000 | 1,95,61,000 | 1,65,35,423 | 30,25,577 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 73,45,000 | 73,45,000 | 33,15,115 | 40,29,885 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 56,26,000 | 56,26,000 | 25,82,440 | 30,43,560 | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 1,100.50 | 6,17,863 | 6,18,963.5 | 6,17,772 | 1,191.50 | |
| ജനറൽ പർപ്പസ് ഫണ്ട് | 44,17,299 | 35,82,000 | 79,99,299 | 46,70,106 | 33,29,193 | |

## 1-6 പദ്ധതി അവലോകനം

### പദ്ധതി രൂപീകരണം

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്.)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്.) 72/2017 ത.സ്വ.ഭ.വ./29.3.2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ, ബ്ലോക്ക് ഗ്രാമസഭ യോഗംചേരൽ, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രഥമ യോഗം 2017 ഫെബ്രുവരി മാസത്തിൽ 22 തീയതിയിൽ ചേർന്നിട്ടുണ്ടെന്ന് യോഗമിനിറ്റ്സുകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ് പൂർത്തീകരിച്ചിട്ടില്ല. ബ്ലോക്ക് ഗ്രാമസഭ 19.04.2017 യോഗംചേർന്നു. പദ്ധതി നിർദ്ദേശങ്ങൾ 28.04.2017-ൽ കൂടിയ വികസനസെമിനാറിൽ വച്ച് ചർച്ചകൾക്ക് വിധേയമാക്കി 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 08.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (തീരുമാനം നം.3).

പദ്ധതി അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2018ലെ 490/17/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 10,44,56,504/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 186 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 185 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 10,44,56,504/- രൂപ വകയിരുത്തിയതിൽ 5,92,21,713/-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. വാർഷികപദ്ധതിച്ചെലവ് 56.69% മാത്രമാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ പ്രകാരം വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് നിർദ്ദേശങ്ങൾ പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിങ്ങനെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ല. ഇത് പദ്ധതിരൂപീകരണ/ നിർവ്വഹണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽനിരീക്ഷണച്ചുമതല ഫലപ്രദമായി നിറവേറ്റിയിട്ടില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാപഞ്ചായത്തിന്റെ വാർഷിക പദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ടവർ വർക്കിംഗ് ഗ്രൂപ്പുകൾ ഇപ്രകാരം മേൽനിരീക്ഷണം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ വാർഷികപദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 10,44,56,504 | 122 | 5,92,21,713 | -- | 64 | 56.69% |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഉദ്യോഗസ്ഥൻ | | | | | |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1 | 1 | 10,64,602 | 10,40,250 | 97.71% |
| സീനിയർ വെറ്ററിനറി സർജൻ | 02 | 02 | 7,55,073 | 7,55,073 | 100% |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 11 | 10 | 43,50,780 | 25,82,347 | 59.35% |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 52 | 45 | 2,47,11,249 | 1,74,58,774 | 70.65% |
| സി.ഡി.പി.ഒ | 03 | 03 | 27,34,000 | 27,34,000 | 100% |
| സെക്രട്ടറി | 24 | 22 | 2,11,21,536 | 2,00,78,978 | 95.06% |
| അസിസ്റ്റന്റ് എൻഞ്ചിനീയർ | 91 | 37 | 4,75,36,321 | 1,23,89,348 | 26.06% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 12,00,000 | 12,00,000 | 100% |
| ജി.ഇ.ഒ | 01 | 01 | 9,82,943 | 9,82,943 | 100% |
| ആകെ | 186 | 122 | 10,44,56,504 | 5,92,21,713 | 56.69% |

ഉല്പാദന മേഖലയിൽ കാർഷികോത്പാദന വർദ്ധനവിന് ഉതകുന്നതും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിന് ഉതകുന്നതുമായ കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും വിതരണം, പാലുല്പാദന വർദ്ധനവിന് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്നിവയും നടപ്പിലാക്കി.

ആരോഗ്യമേഖലയിൽ പതിവ് പദ്ധതികൾക്കപ്പുറം സമഗ്രമായ മാറ്റത്തിനുതകുന്ന പ്രോജക്ടുകളായ ഭിന്നശേഷിക്കാർക്ക് വീൽചെയർ, മുച്ചക്രവാഹന വിതരണം, ദന്ത, നേത്ര ക്യാമ്പുകൾ, പല്ല് സെററ്, കണ്ണട എന്നിവയുടെ വിതരണം, ക്യാൻസർ, കിഡ്നിരോഗ നിർണ്ണയ ക്യാമ്പുകൾ, എന്നിവ തൻവർഷം നടപ്പിലാക്കി.

മാലിന്യനിർമ്മാർജനത്തിനായി പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷ്യനറി യൂണിറ്റ് സ്ഥാപിക്കൽ, അനുബന്ധ സൗകര്യമൊരുക്കൽ എന്നീ പദ്ധതികളും നടപ്പാക്കി.

പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയത് അഭിമാനാർഹമായ നേട്ടമാണ്.

വിവിധ പദ്ധതികളിലായി സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 5,42,92,478 | 3,59,27,357 | 66.17 |
| വികസനഫണ്ട്(എസ്.സി.പി) | 2,72,64,157 | 1,65,35,423 | 60.65 |
| വികസനഫണ്ട്(റ്റി.എസ്.പി) | 1,00,45,000 | 33,15,115 | 33 |
| തനതുഫണ്ട് | 31,08,684 | 7,26,703 | 23.37 |
| ജില്ലാപഞ്ചായത്ത് വിഹിതം | 4,90,000 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 67,89,403 | 25,82,440 | 38.03 |
| മറ്റുള്ളവ | 96,782 | 72,430 | 74.83 |
| ആകെ | 10,44,56,504 | 5,92,21,713 | 56.69 |

ലഭ്യമായ ഫണ്ടുകളുടെ ചെലവ് ശതമാനം ഉയർത്താൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാപഞ്ചായത്ത് വിഹിതത്തിൽ വകയിരുത്തിയ തുകകൾ ചെലവഴിക്കാനായില്ല.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1,100.56 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 6,17,600 | 6,17,863 |
| | ക്യാഷ് വരവ്(പലിശ ) | 263 | |
| ആകെ | | | 6,18,963.56 |
| ചെലവ് | ഗുണഭോക്താക്കൾക്ക് അക്കൗണ്ടിലേക്ക് നേരിട്ട് | 0 | 6,17,772.06 |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 6,17,772.06 | |
| നീക്കിയിരിപ്പ് | | | 1,191.5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.19 തീയതി 3.30 പി.എം.ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാന്വൽ ഭാഗം I അനുബന്ധം (ബി) യിലെ ചോദ്യാവലി അടിസ്ഥാനമാക്കി കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. ബ്ലോക്ക്പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 'സാംഖ്യാ' സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ സ്ഥാപനത്തിന്റെ സാമ്പത്തിക വിനിമയങ്ങളുടെ രേഖപ്പെടുത്തൽ നടത്തുകയും സിസ്റ്റം ജനറേറ്റ് ചെയ്യുന്ന വിവിധ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കാഷ് ബുക്ക് ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ, വാർഷിക

നീക്കിയിരുപ്പുകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നുണ്ട്. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. സാംഖ്യാ സ്റ്റേഷനറിക്കും മാന്വൽ രസീത് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ/സബ് വൗച്ചറുകൾ തയ്യാറാക്കിയാണ് ചെലവുകൾ നടത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കി അവതിപ്പിക്കുന്ന വാർഷിക കണക്കുകൾ ജനറൽ കമ്മിറ്റി പാസ്സാക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.12.2018-13.12.2018 | 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2009-2010 മുതൽ 2013-14 വരെ | No LBA(HQ)II/ 8A-2177/14-15/ 173 dtd 04.08.2014 |

## 1-11 വാർഷിക കണക്കുകളുടെ അവലോകനം

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രജിസ്റ്ററുകളും രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കാത്തതിനാൽ B7 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരശോധിക്കാൻ സാധിക്കുന്നില്ല.

2) അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ B18 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരശോധിക്കാൻ സാധിക്കുന്നില്ല.

3) മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും ആയത് കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

5) കുഴൽകിണർ നിർമ്മാണത്തിനായി രണ്ട് പ്രോജക്ടുകളിലായി 81,00,000 രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

6) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ഫണ്ട് ട്രാൻസ്ഫർ വഴി ലഭിക്കുന്ന തുകകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക-സെക്യൂരിറ്റി ഡെപ്പോസിറ്റ്- വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചോറ്റിയിൽ ഉള്ള കെട്ടിടത്തിൽ 6 മുറികൾ ഉള്ളത് വാടകക്ക് കൊടുക്കുന്നുണ്ട്. ഇതിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 60,000/- രൂപ ബ്ലോക്ക്

പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ളതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ വാർഷികകണക്ക് പ്രകാരം ഇത് 50,000/- രൂപ മാത്രമാണ്. അക്കൗണ്ട് ഹെഡ് മാറി തുക രേഖപ്പെടുത്തിയതാണ് അപാകതക്ക് കാരണമെന്ന് സെക്ഷൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ അറിയിച്ചു. അപാകത പരിഹരിച്ച് വാർഷികകണക്ക് കൃത്യമാക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-2 ഐ.എ.വൈ അക്കൗണ്ടിൽ 2.75 കോടി വികസനഫണ്ട് അവശേഷിക്കുന്നു

കേന്ദ്രപദ്ധതിയായ ഐ.എ.വൈ ഭവന പദ്ധതിക്കായി ബാങ്ക് ഓഫ് ബറോഡയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിലവിൽ 2,75,69,574/- രൂപ അവശേഷിക്കുന്നു. നിലവിൽ പണി പൂർത്തിയാകാനുള്ള വീടിന് 3,04,000/- രൂപ കൂടിയേ ആവശ്യമുള്ളതായി കാണുന്നുള്ളൂ. കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഐ.എ.വൈ റിക്കവറി ഇനത്തിൽ വന്ന തുകയുമാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും വേർതിരിച്ച് കണക്ക് തയ്യാറാക്കുകയും സർക്കാർ അംഗീകാരത്തിനു വിധേയമായി ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരികെ അടക്കേണ്ടതുമാണ്.

## 2-3 സംയുക്ത പ്രോജക്ടുകൾ-നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് തിരിച്ചടക്കണം

സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ 87,755/- രൂപ നിലവിൽ നീക്കിയിരിപ്പുണ്ട്. കുടിവെള്ള പ്രോജക്ടിന് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,50,000/- രൂപയിൽ 62,245/- രൂപ ചെലവഴിച്ച് ബാക്കിയുള്ളതാണ് ഈ തുക. സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷം ഈ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നീക്കിയിരിപ്പുള്ള 87,755/- രൂപ സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഇ ടെൻഡർഫീ - ബ്ലോക്ക് പഞ്ചായത്തിൽ വരവില്ല

2017-18 വർഷം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെൻഡർ ക്ഷണിച്ച് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർഫീ ഇനത്തിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള തുകകൾ നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തിരികെ ലഭിച്ചതായി കാണുന്നില്ല. തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒറിജിനൽ രസീത് ഹാജരാക്കാതെ സെക്യൂരിറ്റിനിക്ഷേപം തിരികെ നൽകി

2016-17 വർഷത്തെ വിവിധ വാങ്ങൽ പ്രോജക്ടുകളുടെ കരുതൽ നിക്ഷേപമായി ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷേപിച്ചിരുന്ന തുകകൾ ഒറിജിനൽ രസീതില്ലാതെ കരാറുകാർക്ക് തിരികെ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ചെക്ക് നം. 2059600/ 26.02.2018- 57,500 രൂപ

| തിരികെ നൽകിയ തുക | വൗച്ചർ നം./ തീയതി | പ്രോജക്ട് നം. | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 6,250<br>6,250 | 21700435/ 27.2.2018<br>21700436/ 27.2.2018 | 114/17<br>,, | യൂണിവേഴ്സൽ ഇൻഫോടെക് പത്തനംതിട്ട |
| 20,000 | 21700437/ 27.2.2018 | 21/17 | ആൻട്രികോം സിസ്റ്റം റാന്നി |
| 10,000<br>10,000 | 21700438/ 27.2.2018<br>21700439/ 27.2.2018 | 115/17<br>,, | ആൻട്രികോം സിസ്റ്റം റാന്നി |
| 2,500<br>2,500 | 21700440/ 27.2.2018<br>21700441/ 27.2.2018 | 116/17 | ആൻട്രികോം സിസ്റ്റം റാന്നി |
| ആകെ 57,500 | | | |

ഒറിജിനൽ രസീത് ഹാജരാക്കാതെ സെക്യൂരിറ്റിനിക്ഷേപം തിരികെ നൽകിയ നടപടി ക്രമരഹിതമാണ്. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഒറിജിനൽ രസീത് ഹാജരാക്കുന്നത് വരെ 57,500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഫർണീഷിംഗ് -നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം. - 15/18

വിഭാഗം - ജനറൽ

മുഖ്യമേഖല -ഉൽപ്പാദനം

മേഖല – വ്യവസായം സ്വയം തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഫർണീഷിംഗ് എന്ന പദ്ധതിയിൽ മീനച്ചിൽ റബ്വുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്നും സർക്കാർ ഉത്തരവ് നം.43/2017/SPD തീയതി 15.07.2017 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി ആകെ 6,88,175/- (ബിൽ നം.16/17-18 തീയതി 25.09.2017) ചെലവഴിച്ച് ഇൻവോയ്സ് നം. സി.27-19.09.2017, സി.29-23.09.2017, സി.30-24.09.2017 എന്നിവ പ്രകാരം ഫർണീച്ചർ വാങ്ങി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നൽകിയ നിരക്ക് 14% GST | ആകെ | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഡയസ് ടേബിൾ | 1 | 37,320 | 37,320 | ഉത്തരവിൽ പരാമർശമില്ല. | |
| 2 | യു ടേബിൾ സീറ്റ് | 1 | 1,65,217 | 1,65,217 | ,, | |
| 3 | ഓഫീസ് ടേബിൾ | 3 | 24,100 | 72,300 | ,, | |
| 4 | വൈസ് പ്രസിഡന്റ് ടേബിൾ | 1 | 24,100 | 24,100 | ,, | |
| 5 | ബി.ഡി.ഒ., പ്രസിഡന്റ്- ഓഫീസ് ടേബിൾ | 2 | 42,900 | 85,800 | ,, | |
| 6 | ചെയർ മെട്രോ സി 1 | 16 | 3,850 | 61,600 | ,, | |
| 7 | ചെയർ മെട്രോ സി 2 | 3 | 4,400 | 13,200 | ,, | |
| 8 | ജെഫേഴ്സൺ ചെയർ | 20 | 3,575 | 71,500 | 3,250 | 500 |
| 9 | എക്സിക്യൂട്ടീവ് ചെയർ | 1 | 6,600 | 6,600 | 6,000 | 600 |
| | GST 14% | | | 1,50,538 | | |
| | ഒട്ടാകെ | | | 6,88,175 | | |

അപാകങ്ങൾ

1) മീനച്ചിൽ റബ്‌വുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ സർക്കാർ ഉത്തരവ് നം. 43/2017/SPD തീയതി 15.07.2017 പ്രകാരം ടെണ്ടർ നടപടികൾ നിന്നും ഒഴിവാക്കിയപ്പോൾ വാങ്ങാവുന്ന ഇനങ്ങളും അവയുടെ നിരക്കും വിശദമായി പ്രതിപാദിച്ചിരുന്നു. ഈ ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങളാണ് ടെണ്ടർ നടപടി ഒഴിവാക്കി വാങ്ങിയിരിക്കുന്നത്.

2) ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഫർണീഷിംഗ് എന്ന പദ്ധതിയിൽപ്പെടുത്തി ബ്ലോക്കോഫിസിൽ ഉപയോഗത്തിനുള്ള ഫർണീച്ചർ വാങ്ങിയിരിക്കുന്നതായി ഇൻവോയ്സിലെ ഇനങ്ങൾ പരിശോധിച്ചതിൽ മനസ്സിലാകുന്നു. ഫർണീച്ചർ വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിന് കൈമാറിയതായി രേഖയില്ല.

3) ക്രമ നം. 8, 9 ഇനങ്ങൾക്ക് സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്നതിലും അധിക നിരക്ക് നൽകിയിരിക്കുന്നു.

അപാകങ്ങൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ ഇനങ്ങൾക്ക് സർക്കാർ ഉത്തരവിൽ അനുവദിച്ചിരിക്കുന്ന പത്ത് ശതമാനം ട്രാൻസ്പോർട്ടേഷൻ ആണെന്ന് മറുപടി നൽകി. എന്നാൽ ക്രമ നം. 1, 2 അപാകങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.
മേൽ അപാകങ്ങളാൽ ചെലവ് തുക 6,88,175 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഇലക്ട്രിഫിക്കേഷൻ - ടാക്സ് പ്രൊവിഷൻ അനർഹമായി നൽകി

ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഇലക്ട്രിഫിക്കേഷൻ എന്ന പ്രവർത്തിയിൽ എസ്റ്റിമേറ്റിൽ പ്രൊവിഷൻ നൽകിയിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ ഫീ, ചെക്ക് മെഷർമെന്റ് ഹോണറേറിയം എന്നിവയോടൊപ്പം വാറ്റ്, നിർമ്മാണതൊഴിലാളി ക്ഷേമനിധി, എന്നിവയ്ക്കുള്ള പ്രൊവിഷൻ അനർഹമായി കൂട്ടിച്ചേർത്ത് നൽകിയതിനാൽ കരാറുകാരന് അധികതുക നൽകിയിരിക്കുന്നു.

പ്രോജക്റ്റ് നം. - 18/16-17 (എസ് ഒ 129/18)

കരാറുകാരൻ - ജോസ് മോൻ പി.സി., പുളിച്ചാലും മൂട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

എസ്റ്റിമേറ്റ് തുക – 350000

എം ബുക്ക് നം. - 03/17-18

ബിൽ നം. - 1-17-18/16.06.17- 3,50,000/-

| ഇനം | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|
| പ്രവർത്തിയുടെ ആകെ മൂല്യം | 3,34,421 | 3,34,421 | |
| കൂട്ടുക | | | |
| വാറ്റ് 4% | 13,377 | 0 | |
| നിർമ്മാണതൊഴിലാളിക്ഷേമനിധി 1% | 3,344 | 0 | |
| എസ്റ്റിമേറ്റ് തയ്യാറാക്കൽ ഫീ 3% | 10,033 | 10,033 | |
| ചെക്ക് മെഷർമെന്റ് ഹോണറേറിയം1% | 3,344 | 3,344 | |
| ആകെ | 3,64,519 | 3,47,798 | |
| പരിമിതപ്പെടുത്തുക | 3,50,000 | 3,47,798 | |
| കുറയ്ക്കുക | | | |
| വാറ്റ് | 13,377 | 13,377 | |
| നിർമ്മാണതൊഴിലാളിക്ഷേമനിധി | 3,344 | 3,344 | |
| എസ്റ്റിമേറ്റ് തയ്യാറാക്കൽ ഫീ | 10,033 | 10,033 | |
| ചെക്ക് മെഷർമെന്റ് ഹോണറേറിയം | 3,344 | 3,344 | |
| ആദായനികുതി 1% | 3,344 | 3,344 | |
| ആകെ | 33,442 | 33,442 | |
| കരാറുകാരന് | 3,16,558 | 3,14,356 | 2,202 |

ഇപ്രകാരം ബിൽ തയ്യാറാക്കി കരാറുകാരന് അധികം തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-4 മണ്ണ് എടുത്തുമാറ്റൽ കരാറുകാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | 051/2018 |
| പ്രോജക്ട് | കരിക്കാട്ടൂർ നാല് സെന്റ് കോളനി മണ്ണ് സംരക്ഷണം |
| അടങ്കൽ | 7,00,000/- (വികസനഫണ്ട്) |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | |
|---|---|
| കരാർ നമ്പർ/ തീയതി | 4/AE/LSGD/KPLYBP/17-18Dt.09.10.2017 |
| ബിൽ നം./ തീയതി | 15/17-18, 27.2.18 |
| കരാറുകാരൻ | ശ്രീ.മനോജ് തോമസ് |
| അളവ് പുസ്തകം | 15/17-18 |
| ചെലവ് വിവരം | ആകെ ചെലവ് 5,65,478/-, കരാറുകാരന് 5,54,168/- കേരളഗ്രാമീൺ ബാങ്ക് 40580101016080 അക്കൗണ്ടിൽ നല്കി, ഐ.റ്റി 5,655/- വെൽഫയർ ഫണ്ട് 5,655/- |

കരിക്കാട്ടൂർ നാല് സെന്റ് കോളനി മണ്ണ് സംരക്ഷണം എന്ന പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തിട്ടുള്ളത് 163.015 ക്യു.മീ മണ്ണ് എടുത്തുമാറ്റുകയായിരുന്നു. അളവുപുസ്തകപ്രകാരം ഈ മണ്ണ് സംരക്ഷണഭിത്തിയുടെ ഉൾവശം നിറക്കുന്നതിന് ഉപയോഗിച്ചതായി അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഡി.എസ്.ആർ 2016/2.6.1, കോസ്റ്റ് ഇൻഡക്സ് 0.5095 പ്രകാരം ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്ക് 190.16 ആണെങ്കിലും കരാറുകാരൻ രേഖപ്പെടുത്തിയ 250/- രൂപ (ക്യു.മീ) പ്രകാരം 40,753.75 രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. ഇത്തരത്തിൽ എടുത്തുമാറ്റുന്ന മണ്ണ് വിരിച്ച് നിരപ്പാക്കുന്നതിന് കൂടിയുള്ള തുകയാണ് ഈ ഇനത്തിൽ നല്കിയിട്ടുള്ളത്. ഇപ്രകാരം വിരിക്കേണ്ട ആവശ്യമില്ലെങ്കിൽ ഡി.എസ്.ആർ 2016/2.38, കോസ്റ്റ് ഇൻഡക്സ് 0.5095 പ്രകാരം ഉള്ള തുക കുറവ് ചെയ്യണം (Deduct for disposed soil not levelled and neatly dressed). എടുത്ത മണ്ണ് സംരക്ഷണഭിത്തിയുടെ ഉൾവശം നിറക്കുന്നതിന് ഉപയോഗിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിനാൽ മേൽപറഞ്ഞ പ്രവൃത്തി നടന്നിട്ടില്ലെന്ന് വ്യക്തമാണ്. ഈ തുക കുറവ് ചെയ്യാത്തത് മൂലം കരാറുകാരന് അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 163.015 ക്യു മീ മണ്ണിന് 250/- രൂപ പ്രകാരം നല്കിയ തുക | 40,753.75 |
| 163.015 ക്യു മീ മണ്ണിന് ഡി.എസ്.ആർ 2016 /2.38, കോസ്റ്റ് ഇൻഡക്സ് 0.5095 പ്രകാരം കുറക്കേണ്ട തുക (38x1.5095=57.36)@57.36/ക്യു.മീ | 9,350/- |
| കരാറുകാരന് നല്കാവുന്ന തുക(40753.75-9350) | 31,403.75 |
| അധികം നല്കിയത് | 9,350/- |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ 9,350/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരനിൽ നിന്നും 9,350/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 ഓവർഹെഡ്ചാർജ് അധികനിരക്ക് നല്കി, കാലി ബാരൽ വില ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 139/2018 |
| പ്രോജക്ട് | ആനക്കല്ല് എറികാട് റോഡ് റീടാറിംഗ് |
| അടങ്കൽ | 3,00,000/- (വികസനഫണ്ട്) |
| കരാർ നമ്പർ/ തീയതി | 40/AEE/LSGD/KPLYBP/17-18Dt.07.03.2017 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കൺവീനർ | ശ്രീ.തോമസ് മാത്യു |
| അളവ് പുസ്തകം | 21/AEE/LSGD/KPLY/2016-17 |
| ബിൽ നം./ തീയതി | 20/17-18, തീയതി 11.7.17 |
| ചെലവ് വിവരം | ആകെ ചെലവ് 2,98,020/-, കരാറുകാരന് 2,74,179/- ഫെഡറൽബാങ്ക് 10310100237230 അക്കൗണ്ടിൽ നല്കി ഐ.റ്റി 5,960/- വെൽഫയർ ഫണ്ട് 2,980/-വാറ്റ് 14,901/- |

സി.പി.ഡബ്ല്യു.ഡി 2014 നിരക്കനുസരിച്ച് 46.67 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി കൺവീനറെ ഏൽപ്പിച്ചിട്ടുള്ളത്. 10% ഓവർഹെഡ്ചാർജ് ഉൾപ്പെടുത്തിയും കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&pw-B2/266/2016-Fin കത്ത് പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അധികമുള്ള 2.5% കുറവുചെയ്യേണ്ടതാണ്. 2.5% കുറവുചെയ്യാത്തതിനാൽ കൺവീനർക്ക് നല്കിയ അധികതുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വേലമൂല്യം x1.075/1.1 = 298020x1.075/1.1=291247/-(കൺവീനർക്ക് അധികം നല്കിയത് = 298020-291247=6773/- രൂപ)

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് *(The empty containers shall not be removed from the site of work, till the relevant item of work has been completed and permission obtained from the Engineer-in-Charge. A few drums may be removed before completion of work for heating bitumen and mixing aggregates etc. with the permission to the Engineer-in-Charge.Empty drums required to be returned to stores shall be in good condition. Recovery rate for non-return of the empty drums or for the damaged drums shall be as decided by the Engineer-in-Charge.)*കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. ഈ പ്രവൃത്തിയിൽ 20 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ടെങ്കിലും കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

20 ബാരൽ വിലയായി 4,760/-രൂപയും ജി.എസ്.റ്റി ഇനത്തിൽ (18%)857/- രൂപയും ഈടാക്കാതിരുന്നതിനും ഓവർഹെഡ് ചാർജ് ഇനത്തിൽ കുറവ് ചെയ്യേണ്ട 6,773/- രൂപയും ഈടാക്കാതിരുന്നതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അധികം നല്കിയ 11,533/- രൂപയും ജി.എസ്.റ്റി ഇനത്തിലുള്ള (18%)857/- രൂപയും കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടവാക്കേണ്ടതാണ്.

## 3-6 കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് *(The empty containers shall not be removed from the site of work, till the relevant item of work has been completed and permission*

*obtained from the Engineer-in-Charge. A few drums may be removed before completion of work for heating bitumen and mixing aggregates etc. with the permission of the Engineer-in-Charge. Empty drums required to be returned to stores shall be in good condition. Recovery rate for non-return of the empty drums or for the damaged drums shall be as decided by the Engineer-in-Charge.)* കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പ്രവൃത്തികളിൽ കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| തമ്പലക്കാട്-എം.എൻ ലിങ്ക് റോഡ് ടാറിംഗ്<br>പ്രോജക്ട് നം.77/18<br>കരാറുകാരൻ -ടോമി തോമസ് | 11 | വില 2,618/-<br>ജി.എസ്.ടി 18% 471/- |
| മണിമല പഞ്ചായത്ത് മാർക്കറ്റ് റോഡ്<br>പ്രോജക്ട് നം.133/18<br>കരാറുകാരൻ -ടോമി തോമസ് | 11 | വില 2,618/-<br>ജി.എസ്.ടി 18% 471/- |
| കാരികുളം ഝങ്കഴി ഭാഗം റോഡ്<br>പ്രോജക്ട് നം.138/18<br>കരാറുകാരൻ -ജാൻസൺ ഐസക് | 18 | വില 4,284/-<br>ജി.എസ്.ടി 18% 771/- |
| ആകെ | | 9520+1713 ജി.എസ്.റ്റി |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈസാഹചര്യത്തിൽ ബാരൽവില 9,520/-രൂപയും ജി.എസ്.റ്റി 1,713/- രൂപയും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി നിശ്ചിത അക്കൗണ്ടുകളിൽ അടവാക്കേണ്ടതാണ്.

## 3-7 പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 130/2018 |
| പ്രോജക്ട് | ഞാറക്കൽ - താമരക്കുളം അറ്റകുറ്റപ്പണി |
| അടങ്കൽ | 5,00,000/- (വികസനഫണ്ട്) |
| കരാർ നമ്പർ/ തീയതി | 3/AEE/LSGD/KPLYBP/16-17Dt.29-11-2016 |
| കരാറുകാരൻ | ശ്രീ.അജേഷ് കുമാർ |
| ചെലവ് വിവരം | ആകെ ചെലവ് 2,09,529/-,കരാറുകാരന് 1,96,958/- എസ്.ബി.ഐ 67002318876 അക്കൗണ്ടിൽ നല്കി<br>ഐ.റ്റി 2,095/- വെൽഫയർ ഫണ്ട് 2,095/-വാറ്റ് 8,381/- |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24.11.2016 ലെ 01/AEE/LSGD/KPLYBP/16-17 കത്ത് പ്രകാരം കരാറുകാരനെ തെരഞ്ഞെടുത്തതായി അറിയിക്കുകയും സൈറ്റ് ഏറ്റെടുത്ത് 3 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29.11.2016 ൽ കരാർ വച്ചെങ്കിലും പ്രവത്തി ആരംഭിച്ചത് 06.03.2017 ൽ മാത്രമാണ് കരാർ പ്രകാരം കരാർ വച്ച് 10 ദിവസത്തിനുള്ളിൽ സൈറ്റ് ഏറ്റുവാങ്ങുകയും തുടർന്ന് 10 ദിവസത്തിനുള്ളിൽ പണി ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കരാർവച്ച് 20 ദിവസത്തിനകം (19.12.2016) പണിആരംഭിച്ച് 3 മാസത്തിനകം പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 6.3.2017 ൽ ആരംഭിച്ച് 20.6.2017 ൽ പ്രവൃത്തി പൂർത്തിയാക്കുകയാണ് ചെയ്തിട്ടുള്ളത്.

കരാർ വ്യവസ്ഥ ക്രമ നം.7 പ്രകാരം മുൻകൂട്ടിക്കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നീണ്ടുപോയാൽ കാലാവധിയുടെ 20% സമയം പിഴയില്ലാതെയും തുടർന്ന് മൂന്നുമാസം വരെ 1% പിഴയും തുടർന്നു വരുന്ന ഓരോ മൂന്നു മാസത്തിനും 2% പിഴ വീതവും ഈടാക്കണം. കരാറുകാരൻ സമയ ദൈർഘ്യം ആവശ്യപ്പെടുകയോ സപ്ളിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പണി ആരംഭിക്കേണ്ടിയിരുന്ന തീയതി | 19.12.2016 |
| പൂർത്തീകരണ തീയതി | 18.3.2017 |
| പിഴയില്ലാതെ ദീർഘിപ്പിക്കാവുന്നത് 20% (18ദിവസം) | 5.4.2017 |
| 1% പിഴയോടെ നീട്ടി നല്കാവുന്ന സമയം 3 മാസം | 20.6.2017 |

ഇത്തരത്തിൽ നിയമസാധുതയില്ലാതെ പൂർത്തീകരണം താമസിപ്പിച്ച കരാറുകാരന് പിഴ ഈടാക്കാതെ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കിയതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ആയതിനാൽ നിയമാനുസൃതമുള്ള പിഴ ഈടാക്കേണ്ടത് നിർവ്വഹണഉദ്യോഗസ്ഥന്റെ ബാധ്യതയാണ്.

## 3-8 ആനക്കല്ല് ലക്ഷം വീട് കോളനി വനിതാ തൊഴിൽ പരിശീലന കേന്ദ്രം

| | |
|---|---|
| പ്രോജക്ട് നമ്പർ | 0056/2018 |
| പ്രോജക്ട് | ആനക്കല്ല് ലക്ഷം വീട് കോളനി വനിതാ തൊഴിൽ പരിശീലന കേന്ദ്രം |
| അടങ്കൽ | 8,00,000/- (വികസനഫണ്ട് പൊതുവിഭാഗം)) |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാർ നമ്പർ/തീയതി | 37/AE/LSGD/KPLYBP/17-18Dt.09.1.2018 |
| കരാറുകാരൻ | ശ്രീ.ടോമി തോമസ് |
| അളവ് പുസ്തകം | 38/17-18, 58/17-18 |
| ചെലവ് വിവരം (പാർട്ട് ബിൽ ) | ആകെ ചെലവ് 2,38,277/- എസ്.ബി.ഐ 67000703084 അക്കൗണ്ടിൽ നല്കി ഐ.റ്റി 2,383/- വെൽഫയർ ഫണ്ട് 2,383/-റിടെൻഷൻ-2,09,683/- |

<u>അങ്കണവാടി കെട്ടിടത്തിന് മുകൾ നില ആവശ്യകത ബോധ്യപ്പെട്ടിട്ടില്ല</u>

പാറത്തോട് ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിലുള്ള അങ്കണവാടി കെട്ടിടത്തിന് മുകളിലായി നിർമ്മിച്ചിട്ടുള്ള കെട്ടിടം വനിതാ തൊഴിൽ പരിശീലന കേന്ദ്രം എന്ന് പേര് ഇട്ടിട്ടുണ്ടെങ്കിലും യാതൊരുവിധ പരിശീനല പ്രവർത്തനങ്ങളും ആരംഭിക്കുകയോ, പരിശീനലത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയോ ചെയ്തിട്ടില്ല. അപൂർവ്വമായി നടക്കുന്ന പഞ്ചായത്തുമായി ബന്ധപ്പെട്ട യോഗങ്ങൾ കൂടാറുണ്ടെന്നതൊഴിച്ചാൽ കെട്ടിടം ഫലപ്രദമായി വിനിയോഗിക്കുന്നില്ല എന്ന്

കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന അങ്കണവാടി വർക്കർ അറിയിച്ചു. നല്ല രീതിയിൽ നിർമ്മിച്ചിട്ടുള്ളതും കോൺക്രീറ്റ് റൂഫ് ഉള്ളതുമായ അങ്കണവാടി കെട്ടിടത്തിന് മുകളിൽ അപൂർവ്വമായി നടക്കുന്ന യോഗങ്ങൾക്ക് വേണ്ടി കെട്ടിടം നിർമ്മിക്കുകയും ഫർണിഷിംഗ് നടത്തുകയും ചെയ്തതിന്റെ ആവശ്യകത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

<u>മിതവ്യയം പാലിച്ചില്ല</u>

തൊഴിൽ പരിശീലന കേന്ദ്രം എന്ന പേരിൽ നിർമ്മിച്ച കെട്ടിടത്തിന്റ ഉൾവശത്തെ ഭിത്തി പൂർണ്ണമായും സിറാമിക് ടൈൽ ഒട്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിന് ച.മീറ്ററിന് 1,000/- രൂപ നിരക്കിൽ 69,320/- രൂപ ചെലവഴിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ ഓഫീസുകൾക്ക് പോലും 15 സെന്റീമീറ്റർ പൊക്കത്തിൽ മാത്രമാണ് ടൈൽ ഒട്ടിക്കുക എന്നിരിക്കെ പരിശീലന കേന്ദ്രത്തിന് മുഴുവൻ ഉയരത്തിൽ സിറാമിക് ടൈൽ ഒട്ടിച്ചത് അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.



<u>പ്രവൃത്തി ഗുണനിലവാരം പുലർത്തിയില്ല</u>

5/2018 ൽ പൂർത്തിയാക്കിയ കെട്ടിടത്തിന് 37,624/- രൂപ ചെലവഴിച്ച് സീലിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ പരിശോധനാ സമയത്ത് സീലിംഗ് പല ഭാഗത്തും വളഞ്ഞ നിലയിലും, സീലിംഗ് ഭാഗങ്ങൾ പൊളിയുന്ന നിലയിലുമാണ് കാണാൻ കഴിഞ്ഞത്. ഇതിൽ നിന്നും പ്രവൃത്തി വേണ്ടത്ര ഗുണനിലവാരം പുലർത്തിയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 അലുമിനിയം ഫ്രയിം നിർമ്മാണം നല്കിയത് അധിക നിരക്ക്

| | |
|---|---|
| പ്രോജക്ട് നമ്പർ | 125/2018 |
| പ്രോജക്ട് | മുണ്ടക്കയം ഐ.സി.ഡി.എസ് ഓഫീസ് മെയിന്റനൻസ് |
| അടങ്കൽ | 3,50,000/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) |
| കരാർ നമ്പർ തീയതി | 40/AE/LSGD/KPLYBP/17-18Dt.09.1.2018 |
| കരാറുകാരൻ | ശ്രീ.സാജിദ് കെ.എ. |
| അളവ് പുസ്തകം | 39/17-18 |
| ചെലവ് വിവരം | ആകെ ചെലവ് 1,72,317/-കരാറുകാരന് 1,51,639/- കാത്തലിക് സിറിയൻ ബാങ്ക് 024901331103900001 അക്കൗണ്ടിൽ നല്കി<br>ഐ.റ്റി 1,723/- വെൽഫയർ ഫണ്ട് 1,723/-റീടെൻഷൻ17,232/- |

ഈ പ്രവൃത്തിയുടെ പ്രധാന ഇനങ്ങൾ ഇനം 11 ആയ അലുമിനിയം പാർട്ടീഷ്യൻ ഫ്രയിം വർക്കും 12 ആയ ഗ്ലാസ് സ്ഥാപിക്കലും ആയിരുന്നു 2017-18 വർഷം ഇത് പൂർത്തിയാക്കി പാർട്ട് ബിൽ മാറിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡാറ്റാ, അളവുപുസ്തകം എന്നിവ പരിശോധിച്ചതിൽ ഇനം 12 ആയ ഗ്ലാസ് സ്ഥാപിക്കൽ ഒഴിവാക്കി അലുമിനിയം ഗ്രിൽ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഡി.എസ്.ആർ 2014, 21.1.1.1

പ്രകാരം ചെയ്തിട്ടുള്ള ഫ്രയിം നിർമ്മാണത്തിൽ വിവിധ അലുമിനിയം സെക്ഷനുകളുടെ തൂക്കം കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. മാത്രമല്ല ഈ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് ഡ്രോയിംഗ് തയ്യാറാക്കണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഫ്രയിം വർക്കിന് അനുവദനീയമായ ഡാറ്റാ പരിശോധിച്ചതിൽ പ്രവൃത്തിയുടെ ഭാഗമായ ക്ലീറ്റ് ആംഗിൾ (cleat angle) ഫ്രയിമിന്റെ പുറം ചട്ട 10.5 മീറ്ററിന് 18 എണ്ണം എന്ന കണക്കിൽ 1 മീറ്ററിന് 1.72 എണ്ണം ആവശ്യമാണ്. അളവു പുസ്തകപ്രകാരം പുറം ചട്ട 151.06 മീറ്ററാണ് ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായത് 260 ക്ലീറ്റ് ആംഗിൾ (cleat angle) ആണ്. എന്നാൽ അളവു പുസ്തകം പ്രകാരം 0.18 മീറ്റർ നീളമുള്ള 1792 ക്ലീറ്റ് ആംഗിളിന് (322.56മീ) 0.265കി.ഗ്രാം/മീ നിരക്കിൽ 85.478 കി.ഗ്രാം കണക്കാക്കി കി. ഗ്രാമിന് 511.99 രൂപ പ്രകാരം 43,763.88 രൂപ നല്കിയിട്ടുണ്ട്. ആവശ്യമായ 260 ക്ലീറ്റ് ആംഗിൾ (cleat angle) ന് (0.18മീറ്റർ നീളം) 46.8മീറ്ററിന് 0.265 കി.ഗ്രാം/മീ നിരക്കിൽ 12.40 കി.ഗ്രാം കണക്കാക്കി കി. ഗ്രാമിന് 511.99 രൂപ നിരക്കിൽ 6,349/- രൂപ നല്കാമെന്നിരിക്കെ അധികതുക നല്കിയതിന് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. പ്രവൃത്തിക്ക് ഉപയോഗിച്ചിരിക്കുന്ന അലുമിനിയത്തിന്റെ കൃത്യമായ മൂല്യനിർണ്ണയം ഓഡിറ്റിൽ അസാധ്യമായതിനാൽ ഉന്നത തല സാങ്കേതികവിഭാഗം പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-10 പാറത്തോട് ഗ്രാമ പഞ്ചായത്ത് 5-ാം വാർഡിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം - അപാകതകൾ

പ്രോജക്ട് നം.147/17 (171/18)

അടങ്കൽ- 4,75,000 (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ്- 4,74,328/- (ബിൽ നം. 28/17-18/ 30.10.2017)

നിർവ്വഹണോദ്യോഗസ്ഥൻ- എ.ഇ.ഇ.

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായിട്ട് നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പ്രോജക്ട് പ്രകാരം 39 m2 വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) കെട്ടിട നിർമ്മാണത്തിനായി ചിറ്റടി പബ്ലിക് ലൈബ്രറിയുടെ ഉടമസ്ഥതയിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നം.2 ൽ സർവ്വേ നം 305/15 ൽപ്പെട്ട സ്ഥലത്തുനിന്നും 45 m2 സ്ഥലം ലൈബ്രറി പ്രസിഡന്റ് ശ്രീ.ഡെയ്സ് മാത്യു ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയതായി കാണുന്നു. എന്നാൽ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ പോക്ക് വരവ് നടത്തിയിട്ടില്ല.

2) കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്കുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല.

3) ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പ്രവൃത്തിയുടെ വരവുചെലവ് കണക്കുകൾ, സാധനങ്ങൾ വാങ്ങിയതിന്റെ കാഷ് ബിൽ, മസ്റ്റ് റോൾ എന്നിവ തയ്യാറാക്കിയിട്ടില്ല. ഇവ തയ്യാറാക്കാതെ ബിൽ തയ്യാറാക്കി കൺവീനർക്ക് തുക നൽകിയത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അപാകതകൾ പരിഹരിക്കുന്നത് വരെ 4,74,328 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 കരാർ ചമയ്ക്കാൻ താമസിച്ചു - പിഴ ഈടാക്കിയിട്ടില്ല

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2017-18 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം./പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 118/18 സി.എസ്.ഐ. നാട്ടുകാണി സാംസ്കാരികനിലയം നവീകരണം | ശ്രീ. സെബാൻ എബ്രഹാം, കല്ലറയ്ക്കൽ, ചെമ്മലമറ്റം | 18.12.17 | 9.1.18 | 4,54,235 | 4,542 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2 ന് മറുപടി ലഭ്യമാക്കിയതിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും 4,542 പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 ഡെപ്പോസിറ്റ് /സംയോജിത പ്രവർത്തികളിൽ വിനിയോഗവിശദാംശങ്ങൾ ലഭ്യമാക്കാത്തത്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ നിർവ്വഹണത്തിനായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്കും സർക്കാർ വകുപ്പുകൾക്കും കൈമാറി നൽകിയ ഫണ്ട് കൈപ്പറ്റിയതിന്റെയൊ, പൂർണ്ണമായ വിനിയോഗത്തിന്റെയൊ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | ബിൽ നം. | സ്ഥാപനം/ അക്കൗണ്ട് നം. | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | 08/18 | പാലിയേറ്റീവ് കെയർ | സെക്രട്ടറി | 2,50,000 | 18/17-18 /14.11.17 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് 799011400001212 | |
| 2 | ,, | ,, | ,, | 4,00,000 | 7/17-18 /31.07.17 | പാറത്തോട് ഗ്രാമ പഞ്ചായത്ത് 799011400001494 | |
| 3 | | ,, | ,, | 2,50,000 | 8/17-18 /19.08.17 | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 79901140000176 | |
| 4 | | ,, | ,, | 3,00,000 | 09/17-18 /19.08.17 | കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് 79901140001238 | |
| 5 | 225/18 | സാമൂഹ്യസുരക്ഷാമിഷൻ വിഹിതം | ,, | 10,00,000 | 09/17-18 /24.02.18 | 70101140000134 | |
| 6 | 07/18 | പാറത്തോട് ഗ്രാമപഞ്ചായത്ത് ജലനിധി വിഹിതം | ,, | 7,50,000 | 06/17-18 /31.07.17 | പാറത്തോട് ഗ്രാമ പഞ്ചായത്ത് 79901140001494 | |
| 7 | 17/17-18 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ | ,, | 90,000 | 15/17-18 /28.10.17 | മണിമല ഗ്രാമ പഞ്ചായത്ത് 79901140000993 | |
| 8 | ,, | ,, | ,, | 3,50,000 | 17/17-18 /10.11.17 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് 79901140001212 | |
| 9 | ,, | ,, | ,, | 6,40,000 | 49/17-18 /22.02.18 | പാറത്തോട് ഗ്രാമ പഞ്ചായത്ത് 79901140001494 | |
| 10 | 229/18 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം കുഴിൽ കിണർ നിർമ്മാണം | ,, | 5,00,000 | 62/17-18 /27.03.18 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 70801140000051 | |
| 11 | 224/18 | വിവിധ പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും കുഴൽ കിണർ നിർമ്മാണം | ,, | 76,00,000 | 51/17-18 /27.02.18 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 70801140000051 | |
| 12 | 196/17-18 | ഡിസ്ട്രിക്ട് പ്ലാനിംഗ് സെക്രട്ടറിയേറ്റിന് വിഹിതം | ,, | 1,00,000 | 21/17-18 /21.11.17 | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസ് 08011400000041 | |
| 13 | 182/17-18 | എരുമേലി ഗ്രാമ പഞ്ചായത്ത് മാലിന്യസംസ്കരണ പ്ലാന്റിന് വിഹിതം | ,, | 15,18,800 | 27/17-18 /10.1.18 | എരുമേലി ഗ്രാമ പഞ്ചായത്ത് 79901140001112 | |
| | | ആകെ | | 1,37,48,800 | | | |

എന്നാൽ ഗ്രാമ പഞ്ചായത്തുകൾ, സർക്കാർ ഡിപ്പാർട്ടുമെന്റുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഫണ്ട് കൈപ്പറ്റിയതിന്റെയൊ, പൂർണ്ണമായ വിനിയോഗത്തിന്റെയൊ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ എത്ര ഗുണഭോക്താക്കൾക്കായാണ് തുക ആവശ്യപ്പെട്ടത്, ആവശ്യപ്പെട്ട തുക മുഴുവൻ

കൈമാറിയോ തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ 1,37,48,800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 ഐ.എ.വൈ. ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് III-ാം വാർഡിലെ ശ്രീമതി മേരി ജോസഫ് കരോട്ടുകിഴക്കേൽ താളുങ്കൽ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ഒന്നാം ഗഡുവായി 48,000 രൂപ 20.01.2017 ൽ നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ നാളിതുവരെ ബാക്കി തുക കൈപ്പറ്റുകയോ ഭവന നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ടിയാളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ട് നം./പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3/18 | 1,50,000 | 61/18, പൈപ്പ്ലൈൻ മെയിന്റനൻസ് | 62,245 | 87,755 |
| ജില്ലാ പഞ്ചായത്ത് | 3/18 | 4,90,000 | 47/18, ആനക്കല്ല് പൊൻമല ഭാഗത്ത് ചെക്ക് ഡാം നിർമ്മാണം | 0 | 4,90,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 224/18, പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും കുടിവെള്ളത്തിനായി കുഴൽകിണർ നിർമ്മാണം | അക്കൗണ്ട് ട്രാൻസ്ഫർ | 7600000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 76,00,000 |
| ഭൂജല വകുപ്പ് | 229/18, വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ കുഴൽകിണർ നിർമ്മാണം | അക്കൗണ്ട് ട്രാൻസ്ഫർ | 5,00,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 5,00,000 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | 81,00,000 | | 81,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ ചെലവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 5 | 2004-05 | 2-1 | വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ആരംഭിച്ചില്ല |
| 2002-03 | 3-2 | 2005-06 | 2-25-1 | അംഗീകാരമില്ലാത്ത SGRY പദ്ധതികൾക്ക് വകമാറ്റി മുൻകൂർ നൽകി |
| 2003-04 | 3-2 | 2005-06 | 2-25-2 | കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ ക്രമക്കേടുകൾ |
| 2004-05 | 3-2 | 2007-08a | 3-36-1 | യുവജന കായിക ക്ഷമതാ പരിപാടി-കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 12,04,97,143 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,16,76,228 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35,375 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,49,68,803 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3 | | 2,202 | ശ്രീ.കെ.എസ്.ബാബു, സെക്രട്ടറി |
| 3-4 | | 9,350 | ശ്രീ.അശോകൻ റ്റി.എം.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 12,590 | ശ്രീ.അശോകൻ റ്റി.എം.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | | 11,233 | ശ്രീ.അശോകൻ റ്റി.എം.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | **35,375** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6,88,175 | ശ്രീ.കെ.എസ്.ബാബു, സെക്രട്ടറി |
| 3-1 | 57,500 | ശ്രീ.കെ.അജിത്, സെക്രട്ടറി |
| 3-10 | 4,74,328 | ശ്രീ.അശോകൻ റ്റി.എം.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-12(2, 3, 4, 6) | 17,00,000 | ശ്രീ.കെ.എസ്.ബാബു, സെക്രട്ടറി |
| 3-12(1, 7, 8, 12) | 7,90,000 | ശ്രീ.ശശീന്ദ്രൻ കെ.എൻ., സെക്രട്ടറി |
| 3-12(5, 9, 10, 11, 13) | 1,12,58,800 | ശ്രീ.കെ.അജിത്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ.3-5 - 857(ജി.എസ്.റ്റി.)

ഖ.3-6 - 1713 (ജി.എസ്.റ്റി.)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എസ്.ബാബു, സെക്രട്ടറി | ലഭ്യമല്ല. | കുന്നിയിൽ, മരുതുംമൂട്, പെരുവന്താനം പി.ഒ., 686562 |
| ശ്രീ.അശോകൻ റ്റി.എം., | ലഭ്യമല്ല. | തൈക്കൂട്ടത്തിൽ, കലവൂർ പി.ഒ., |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ആലപ്പുഴ-688652 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ /18/811(1)/18/7.5.18 | 13 | |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ /811(2)/18/7.5.18 | 13 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ /811(3)/18/7.5.18 | 05 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ /811(4)/18/7.5.18 | 05 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ /811(5)/18/7.5.18 | 03 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി13/791(5) /13/4.9.13 | -- | |
| 2011-12 | എൽ.എഫ്.കെ.പി 13-758/13/01.11.2013 | | |
| 2012-13 | എൽ.എഫ്.കെ.പി 13-65/16/20.08.2016 | 15 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദാ/811(7)18 /7.5.18 | 10 | |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/1507 /18/20.1.18 | 11 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി15/1215/അദാ/18 /8/811(8)/7.5.18 | 8 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി15/12/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 31.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിൽ വിവരിക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ടിംഗ്) ചട്ടങ്ങളും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം